# Deepika

## 23 August 2018

## Kochi: Honoring Fishermen

രൂപ തുടങ്ങിയവയാണ് പ്രധാന

ർണമായി നശിച്ചനിലയിലാണ്.

# മത്സ്യത്തൊഴിലാളികൾക്കു ജില്ലയുടെ ആദരം

**രക്ഷാപ്രവർത്തനത്തിനു പാരിതോഷികം ആഗ്രഹിക്കുന്നില്ലെന്നു മത്സ്യത്തൊഴിലാളികൾ**

**കൊച്ചി:** പ്രളയത്തിൽ വിവിധ തുരുത്തുകളിൽ അകപ്പെട്ടുപോയവരെ രക്ഷപ്പെടുത്താൻ ജില്ലാ ഭരണകൂടത്തെ സഹായിച്ച മത്സ്യത്തൊഴിലാളികളെയും മത്സ്യത്തൊഴിലാളി നേതാക്കളെയും ജില്ലാ ഭരണകൂടം അഭിനന്ദിച്ചു. ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ളയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന അഭിനന്ദനയോഗത്തിൽ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി നേതാക്കളും അനുഭവങ്ങൾ പങ്കുവച്ചു.

രക്ഷാപ്രവർത്തനത്തിന് ഉപയോഗിച്ചവയിൽ 90 ശതമാനം ബോട്ടുകളും മത്സ്യത്തൊഴിലാളികളുടേതായിരുന്നുവെന്ന് ഐജി വിജയ് സാക്കറേ പറഞ്ഞു. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ പോലീസ് സഹായംപോലും ആവശ്യപ്പെടാതെ ധൈര്യപൂർവം രക്ഷാപ്രവർത്തനത്തിനിറങ്ങി എന്നത് പകരംവയ്ക്കാനാവാത്ത സേവനമാണെന്നു കോസ്റ്റൽ സെക്യൂരിറ്റി ഡിഐജി. കെ.പി. ഫിലിപ് അഭിപ്രായപ്പെട്ടു.



**രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളി സംഘടനകളുടെ നേതാക്കൾക്കു നന്ദി പറയാൻ വിളിച്ചുചേർത്ത യോഗത്തിൽ കളക്ടർ മുഹമ്മദ് സഫീറുള്ള സംസാരിക്കുന്നു. ഐജി വിജയ് സാഖറെ സമീപം.**

വള്ളം അടുപ്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും കേടുപാടുകളെപ്പറ്റി ചിന്തിക്കാതെ മത്സ്യത്തൊഴിലാളികൾ നടത്തിയ ശ്രമകരമായ രക്ഷാപ്രവർത്തനം മാതൃകാപരമാണെന്നു റൂറൽ എസ്പി രാഹുൽ പി. നായർ അഭിപ്രായപ്പെട്ടു.

ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷപ്പെടുത്തിയതിനെ അപേക്ഷിച്ച് പതിന്മടങ്ങ് ആളുകളെ ബോട്ടു മാർഗം രക്ഷിക്കാൻ സാധിച്ചു. മറ്റുസേനകൾ രാത്രിവരെ മാത്രം സേവനം നടത്തിയപ്പോൾ കൊടുംതണുപ്പും ഇരുട്ടും അവഗണിച്ച് ഓരോ ജീവനും കരയ്ക്കെത്തിക്കുന്ന തിരക്കിലായിരുന്നു അവരെന്നും അദ്ദേഹം പറഞ്ഞു.

രക്ഷാപ്രവർത്തനം മറ്റുള്ളവരെ സഹായിക്കാൻ കിട്ടിയ അവസരമാണെന്നും അതിനു പാരിതോഷികം ആഗ്രഹിക്കുന്നില്ലെന്നും മത്സ്യത്തൊഴിലാളി പ്രതിനിധികൾ അറിയിച്ചു. രക്ഷാപ്രവർത്തനം സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന തങ്ങൾക്കു ലഭിച്ച അവാർഡാണ്. തീരദേശത്തിന്റെ സംരക്ഷണം മാത്രമാണ് ആഗ്രഹിക്കുന്നതെന്നും അവർ പറഞ്ഞു. രക്ഷാപ്രവർത്തനത്തിനുപയോഗിച്ച ബോട്ടുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനെ ആരംഭിക്കുമെന്നു ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് അറിയിച്ചു.

ഫോർട്ടുകൊച്ചി സൗദി ആരോഗ്യമാതാ ദേവാലയം വികാരി ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ഷിജി, മത്സ്യത്തൊഴിലാളി യൂണിയൻ (എഐടിയുസി) ജില്ലാ പ്രസിഡന്റ് പി.ഒ.ആന്റണി, കായൽ പ്രതിനിധി (സിഐടിയു) സ്രാങ്ക് കെ.എൽ. കുഞ്ഞപ്പൻ, കേരള പരമ്പരാഗത മത്സ്യത്തൊഴിലാളി സമിതി ജില്ലാ സെക്രട്ടറി പി.വി. ജയൻ, എഐടിയുസി ജില്ലാ വർക്കിംഗ് പ്രസിഡന്റ് വി.ഒ. ജോണി, മത്സ്യഫെഡ് ഡയറക്ടേഴ്സ് ബോർഡ് പ്രതിനിധി പി.പി.ദാളോ, ടി.എ. മുഹമ്മദ്, ഫിഷറീസ് കോ ഓർഡിനേഷൻ കൺവീനർ ചാൾസ് ജോർജ്, എ.സി. ക്ലാരൻസ്, ക്രൈംബ്രാഞ്ച് എസ്പി ആമോസ് മാമ്മൻ, മത്സ്യഫെഡ് മാനേജർ ജോർജ് തുടങ്ങിയവർ സംസാരിച്ചു.